# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2248 — 05/12/2018-ൽ മറുപടിക്ക്

## പരിശോധന നടത്താതെ മരുന്നുകൾ വിൽക്കുന്ന നടപടി

| ചോദ്യം | മറുപടി |
| --- | --- |
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് എത്ര ബാച്ച് മരുന്നുകൾ മൊത്തവിതരണക്കാരും ചില്ലറവിതരണക്കാരും വിൽക്കുന്നുണ്ട്; വ്യക്തമാക്കുമോ; | എ) വ്യക്തമായ കണക്ക് ലഭ്യമല്ല. എന്നിരുന്നാലും വിവിധ സംസ്ഥാനങ്ങളിലായി ഏകദേശം 20,000 – ത്തോളം മരുന്ന് നിർമാണ യൂണിറ്റുകളിൽ നിന്ന് മൂന്ന് ലക്ഷത്തോളം ബാച്ച് മരുന്നുകൾ ഒരേ സമയം സംസ്ഥാന വിപണിയിൽ ലഭ്യമാണെന്ന് കണക്കാക്കപ്പെടുന്നു. |
| ബി) ഇതിൽ എത്ര ബാച്ച് മരുന്നുകളുടെ പരിശോധന ഡ്രഗ്സ് കൺട്രോളർ വിഭാഗം നടത്തിയിട്ടുണ്ട്; വിശദമാക്കുമോ: | ബി) ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന രണ്ട് മരുന്ന് പരിശോധനാ ലബോറട്ടറികളിൽ പ്രതിവർഷം എണ്ണായിരത്തോളം സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാകുന്നുണ്ട്. |
| സി) പരിശോധന നടത്താതെ നിരവധി ബാച്ച് മരുന്നുകൾ വിൽക്കുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | സി) കർശനമായ നിയന്ത്രണ പ്രക്രിയകളിലൂടെ മാത്രമേ നിലവിലുള്ള നിയമവ്യവസ്ഥകളിൽ വിപണിയിൽ മരുന്ന് ലഭ്യമാക്കുവാൻ സാധിക്കുകയുള്ളൂ. എല്ലാ സംസ്ഥാനങ്ങളിലേയും ഡ്രഗ്സ് കൺട്രോൾ വകുപ്പുകളും കേന്ദ്ര ഏജൻസിയായ സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷനും ചേർന്നാണ് ആയത് കർശനമായി നടപ്പിലാക്കി വരുന്നത്. ഇപ്രകാരം വിപണിയിൽ എത്തുന്ന മരുന്നുകളുടെ റാൻഡം സാമ്പിളിംഗ് മാത്രമാണ് കേന്ദ്ര നിയമമായ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്റ്റിൽ നിഷ്കർഷിച്ചിരിക്കുന്നത്. 10 - മുതൽ 15 വരെയുള്ള ഗുണനിലവാര മാനദണ്ഡങ്ങൾക്ക് വിധേയമാക്കിയാണ് മരുന്നിന്റെ ഗുണനിലവാരം നിശ്ചയിക്കുന്നത് ഇത് ലോകത്തെമ്പാടും അനുശാസിച്ചു വരുന്ന പ്രക്രിയ ആണ്. ഇത് തന്നെയാണ് കേരളത്തിലും സ്വീകരിച്ചുവരുന്നത്. |

വിപണിയിലെത്തുന്ന എല്ലാ ബാച്ചുകളുടെയും ഗുണനിലവാരം പ്രത്യേകം പ്രത്യേകമായി പരിശോധിക്കുന്ന സംവിധാനം ഏർപ്പെടുത്തുന്നത് തികച്ചും അപ്രാപ്യമാണ്.

| | | | |
|---|---|---|---|
| ഡി) | ജനങ്ങളുടെ ജീവൻ അപകടകരമാക്കുന്നതും മറ്റ് രോഗങ്ങൾക്ക് കാരണമാകുന്നതുമായ നിരവധി ബാച്ച് മരുന്നുകൾ പരിശോധിക്കുന്നില്ലെന്ന വിവരത്തിന്മേൽ ഡ്രഗ്സ് കൺട്രോളർ വിഭാഗം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | ഡി) | വിപണിയിൽ ലഭ്യമായ നിരവധി ബാച്ച് മരുന്നുകൾ പരിശോധിക്കുന്നില്ലായെന്നുള്ളതും, അതുമൂലം ജനങ്ങളുടെ ജീവൻ അപകടത്തിലാകുന്നുവെന്നുള്ള ശാസ്ത്രീയമായ പഠന റിപ്പോർട്ടോ, ഔദ്യോഗിക വിവരമോ ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| ഇ) | നിരോധിച്ച മരുന്നുകളും കാലാവധി കഴിഞ്ഞ മരുന്നുകളും വിൽക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്ന രീതി എപ്രകാരമെന്ന് വ്യക്തമാക്കുമോ; 2010 ജനുവരി മുതൽ ഇപ്രകാരം കണ്ടെത്തിയ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ? | ഇ) | ഡ്രഗ്സ് ടെക്നിക്കൽ അഡ്വൈസറി ബോർഡിന്റെ ശുപാർശപ്രകാരമാണ് കേന്ദ്രസർക്കാർ, ഒരു മരുന്നോ, അതിന്റെ കോമ്പിനേഷനുകളോ രാജ്യത്ത് നിരോധിക്കുന്നത്. നിരോധന ഉത്തരവ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഇവയുടെ നിർമാണ അനുമതി അതാത് സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് റദ്ദ് ചെയ്ത് ഉത്തരവാകുന്നത് മൂലം, തുടർന്ന് ഇത്തരം മരുന്നുകൾ വിപണിയിൽ എത്തുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നു. കൂടാതെ വിപണിയിൽ വിതരണം ചെയ്യപ്പെട്ട നിരോധിച്ച മരുന്നുകൾ, വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ, അവർക്കനുവദിച്ചിട്ടുള്ള അധികാരപരിധിയിലുള്ള സ്ഥാപനങ്ങൾ പരിശോധിച്ച് പിൻവലിക്കുന്ന നടപടിയാണ് സ്വീകരിച്ച് വരുന്നത്.<br>ഒരു മരുന്നിന്റെ കാലാവധി കഴിയുന്നതിനു മുമ്പായി അവ ഡിസ്ട്രിബ്യൂട്ടർ മുഖാന്തരം നിർമാതാവിന് തിരികെ നൽകി മുഴുവൻ തുകയും തിരികെ ലഭ്യമാകുന്ന സംവിധാനമാണ് നിലവിലുള്ളത്. ആയതിനാൽ കാലാവധി കഴിഞ്ഞ മരുന്നുകൾ വിൽക്കുന്ന സാഹചര്യം നിലവിലുള്ളതായി കാണുന്നില്ല. കാലാവധി കഴിഞ്ഞ മരുന്നുകൾ ഔഷധവ്യാപാര-സ്ഥാപനങ്ങളിൽ, സ്റ്റോക്ക് ചെയ്യുന്നില്ല എന്ന് ഉറപ്പ വരുത്തുന്നതിനായി, വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ നിരന്തര പരിശോധനകൾ നടത്താറുണ്ട്. വകുപ്പിന്റെ പരിശോധനകളിൽ വൻതോതിലോ, മനപൂർവമായോ, കാലാവധി കഴിഞ്ഞ മരുന്നുകൾ വില്പന നടത്തുന്നതായി കണ്ടെത്തിയാൽ, ഡ്രഗ്സ് കൺട്രോൾ |

വകുപ്പ് നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. 2010 ജനുവരി മുതൽ കാലാവധി കഴിഞ്ഞ മരുന്നുകൾ വിറ്റ സ്ഥാപനങ്ങൾക്കെതിരെ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

**NUMBER OF PROSECUTIONS INITIATED AGAINST SELLING DATE EXPIRED DRUGS**

| District | Number of cases initiated | Name & Address of the Firm | Name of the Court | Present Status (Acquited/ Convicted/ Under Trial/ Under Investigation) |
|---|---|---|---|---|
| Trivandrum | 1 | M/s. Janaki Nursing Home, Kadakkavur | Judicial First Class Magistrate Court - I, Varkala | Under Trial |
| Kollam | 2 | Hanco Beautyland, Kottarakkara, Kollam | Judicial First Class Magistrate Court, Kottarakkara | Under Investigation |
| | | Hyma Medicals | Muncif Court, Paravoor | Under Trial |
| Pathanamthitta | 1 | Fellowship Mission Hospital, Kumbanad, Pathanamthitta | Chief Judicial Magistrate Court | Under Investigation |
| **Kottayam** | **0** | -N.A- | -N.A- | -N.A- |
| **Alappuzha** | **0** | -N.A- | -N.A- | -N.A- |
| Ernakulam | 1 | Bharat Hospital, Perumbavoor | Judicial First Class Magistrate Court, Kakkanad | Under Trial |
| Idukki | 1 | St. John's Hospital, Kattappana | Judicial First Class Magistrate Court, Kattapana | Under Investigation |
| Thrissur | 0 | -N.A- | -N.A- | -N.A- |
| Palakkad | 0 | -N.A | -N.A- | -N.A- |
| Malappuram | 0 | -N.A- | -N.A- | -N.A- |
| Kozhikode | 2 | Carewell Hospital, Ramanattukara, Kozhikode | Judicial First Class Magistrate Court V | Convicted |
| | | Priya Medicals, Thamarassery, Wayanad | Judicial First Class Magistrate Court I, Thamarassery | Under Trial |
| Wayanad | 0 | -N.A- | -N.A- | -N.A- |
| Kannur | 0 | -N.A- | -N.A- | N.A |
| Kasaragode | 0 | N.A | -N.A- | N.A- |